**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1257** **04-07-2022 - ൽ മറുപടിയ്ക്ക്**

**മങ്കട നിയോജകമണ്ഡലത്തിലെ പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മങ്കട നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വള്ളിക്കാപ്പറ്റ പാലം, വെള്ളില ചോഴിപാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികൾക്കായി എത്ര തുകയുടെ എസ്റ്റിമേറ്റാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | **വള്ളിക്കാപ്പറ്റ പാലം പുനർ നിർമ്മാണം: -**<br>ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി 4.20 ലക്ഷം രൂപയുടെ ഭരണാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിക്കുകയാണ്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് പ്രസ്തുത റിപ്പോർട്ട് പ്രകാരമുള്ള ഡിറ്റെയിൽഡ് ഡ്രോയിംഗ് ലഭ്യമായതിനു ശേഷം മാത്രമേ പാലം പുനർ നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് കണക്കാക്കാൻ സാധിക്കുകയുള്ളൂ.<br><br>**വെള്ളില ചോഴി പാലം പുനർ നിർമ്മാണം:-**<br><br>ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി 4 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. ആയത് പൂർത്തീകരിച്ച് പ്രസ്തുത റിപ്പോർട്ട് പ്രകാരം ഡീറ്റെൽഡ് ഡ്രോയിംഗ് ലഭ്യമായതിനു ശേഷം മാത്രമേ പാലം പുനർ നിർമ്മാണത്തിനായുള്ള ഭരണാനുമതി എസ്റ്റിമേറ്റ് കണക്കാക്കാൻ സാധിക്കുകയുള്ളൂ. പ്രസ്തുത പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയായിട്ടില്ല. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ ഇൻവസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ടോ; പാലങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭിയ്ക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിയ്ക്കുമോ? | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ